# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1164** **12.06.2014- ൽ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിൽ വേനൽമഴയിലുണ്ടായ നാശനഷ്ടം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ വേനൽ മഴയിൽ എത്ര കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | വീടുകൾക്കുണ്ടായ നാശനഷ്ടവും, കൃഷി നാശവും ഉൾപ്പെടെ 1,94,29,440/- (ഒരു കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി നാന്നൂറ്റി നാൽപത് രൂപ മാത്രം) രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.<br>വീടുകൾക്കുണ്ടായ നാശനഷ്ടം - 20,40,920/- രൂപ (ഇരുപത് ലക്ഷത്തി നാല്പതിനായിരത്തി തൊള്ളായിരത്തി ഇരുപത് രൂപ മാത്രം)<br>കൃഷിനാശം - 1,73,88,520/- രൂപ (ഒരു കോടി എഴുപത്തി മൂന്ന് ലക്ഷത്തി എൺപത്തി എണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത് രൂപ മാത്രം) |
| (ബി) | ഇതിൽ 06.05.2014-ന് ഹോസ്ദുർഗ് താലൂക്കിൽപ്പെടുന്ന ഉദുമ പഞ്ചായത്തിലും പുല്ലൂർ-പെരിയ പഞ്ചായത്തിലും എത്ര ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്; | (ബി) | <u>ഉദുമ പഞ്ചായത്ത്</u><br>വീടുകൾക്കുണ്ടായ നാശനഷ്ടം - 6,34,000/- രൂപ (ആറ് ലക്ഷത്തി മുപ്പത്തി നാലായിരം രൂപ മാത്രം)<br>കൃഷിനാശം - 11,56,000/- രൂപ (പതിനൊന്ന് ലക്ഷത്തി അമ്പത്തിയാറായിരം രൂപ മാത്രം)<br><br><u>പുല്ലൂർ - പെരിയ പഞ്ചായത്ത്</u><br>വീടുകൾക്കുണ്ടായ നാശനഷ്ടം - ഇല്ല<br>കൃഷിനാശം - 12,60,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) |
| (സി) | നാശനഷ്ടം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | തഹസിൽദാർമാർ വഴി ക്ലെയിമുകൾ സ്വീകരിച്ച് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ